# ഇരിങ്ങാലക്കുട മുൻസിപ്പൽ പരിധിയിൽ ആദ്യത്തേ ആധുനിക ശ്മശാനം പ്രവർത്തനത്തിനൊരുങ്ങുന്നു




ഇരിങ്ങാലക്കുട : ആറടി മണ്ണിൽ ചിതയൊരുക്കാൻ സ്ഥലമില്ലാത്തവർക്കും മറ്റ് ബുദ്ധിമുട്ടുകൾ കാരണം സ്വന്തം സ്ഥലത്ത് സംസ്ക്കാരം നടത്താൻ കഴിയാത്തവർക്കും മറ്റ് നഗരസഭകളിലും മറ്റും ആധുനിക ശ്മശാനം നിർമ്മിച്ചപ്പോൾ ഇരിങ്ങാലക്കുട നിവാസികൾ അത്തരമൊരു ശ്മാശാനം അന്യമായിരുന്നു.ഇതിന് പ്രതിവിധിയായി എസ് എൻ ബി എസ് സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഏറെ പ്രതിസന്ധികളെ തരണം ചെയ്ത് അത്യാധുനിക സംവിധാനങ്ങളോട് കൂടിയ ക്രിമിറ്റോറിയം നിർമ്മാണം പൂർത്തിയായി പ്രവർത്തനസജ്ജമാകുന്നു.ടംഞ്ചിംങ്ങ് ഗ്രണ്ടിന് സമീപത്ത് എസ് എൻ ബി എസ് സമാജത്തിന് ശ്മാശാന നടത്തപ്പിനായി അനുവദിച്ച് നൽകിയ ഭൂമിയിലാണ് ക്രിമിറ്റോറിയം നിർമ്മിച്ചിരിക്കുന്നത്.2012 ആരംഭിച്ച ക്രിമിറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തികരിക്കുന്നതിന് നഗരസഭയിൽ സമരങ്ങൾ വരെ നടത്തേണ്ടി വന്നിട്ടുണ്ട്.ഏകദേശം 1 കോടി ചിലവിലാണ് ക്രിമിറ്റോറിയം നിർമ്മിച്ചിരിക്കുന്നത്.ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബ്ലോവറിൽ പന്ത്രണ്ട് ഗ്യാസ് സിലണ്ടറുകൾ ഒരേ സമയം പ്രവർത്തിക്കും.രണ്ട് ചേംബറുകൾ ഒരേ സമയം പ്രവർത്തിക്കാവുന്ന തരത്തിലാണ് ക്രിമിറ്റോറിയം സജ്ജീകരിച്ചിരിക്കുന്നത്. ഒരു ചേംബർ ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. 100 അടി ഉയരത്തിലാണ് പുറത്തേയ്ക്കുള്ള പുകകുഴൽ സ്ഥാപിച്ചിരിക്കുന്നത്.രണ്ട് മണിക്കൂർ മാത്രമാണ് പരമാവധി ഒരു മൃതദേഹം സംസ്ക്കരിക്കാൻ ആവശ്യമായി വരുക.രണ്ട് മാസത്തിനകം ബാക്കിയുള്ള പേപ്പർ വർക്കുകൾ കൂടി പൂർത്തികരിച്ച് ക്രിമിറ്റോറിയം ഉദ്ഘാടനം ചെയ്യുമെന്ന് ഭാരവാഹികൾ അറിയിച്ചു.